# എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കും: മന്ത്രി തോമസ് ഐസക്

ആലപ്പുഴ: എല്ലാ ജില്ലകളിലും 50 കോടി രൂപ വരെ ചെലവഴിച്ച് സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി ഡോ.റ്റി.എം. തോമസ് ഐസക് പറഞ്ഞു. കെ.എസ്.എഫ്.ഡി.സിയുടെ നേതൃത്വത്തിൽ വനിതകൾ സംവിധാനം ചെയ്യുന്ന രണ്ട് ചിത്രങ്ങളിലൊന്നായ നിഷിദ്ധോയുടെ സ്വിച്ചോൺ കർമം നിർവഹിക്കുകയായിരുന്നു മന്ത്രി. വനിതാ സംവിധായകരുടെ സിനിമകൾക്കായി ബജറ്റിൽ മൂന്നു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സാംസ്കാരിക സമുച്ചയങ്ങൾ കൂടുതലായി ഉണ്ടാകണമെന്നും സംസ്കാരമുള്ള സമൂഹത്തെ വാർത്തെടുക്കാൻ ഇത് സഹായിക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലയിലെത്തുന്ന വിനോദ സഞ്ചാരികളെ ആകർഷിക്കാനായി പഴയ കെട്ടിടങ്ങൾ നവീകരിച്ച് കഫറ്റീരിയകളായി മാറ്റാമെന്നും മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാരിന്റെ വനിത ശാക്തീകരണ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി പ്രഖ്യാപിച്ചത്. 62 തിരക്കഥകളാണ് ഇതിലേക്ക് ലഭിച്ചത്. സിനിമ രംഗത്തെ ജൂറി അംഗങ്ങളടങ്ങിയ കമ്മിറ്റിയാണ് സ്ക്രിപ്റ്റ് ഇവാലുവേഷൻ നടത്തിയത്. താര രാമാനുജത്തിന്റെ നിഷിദ്ധോ, മിനി ഐ.ജിയുടെ ഡൈവോഴ്സ് എന്നീ രണ്ട് സ്ക്രിപ്റ്റുകളാണ് സിനിമ നിർമ്മാണത്തിനായി ജൂറി അംഗങ്ങൾ തിരഞ്ഞെടുത്തത്. സിനിമയുടെ ക്ലാപ്പിങ് പി.കെ. മേദിനി നിർവഹിച്ചു. ജില്ല കളക്ടർ എം അഞ്ജന, കെ.എസ്.എഫ്.ഡി.സി. ചെയർമാൻ ഷാജി എൻ. കരുൺ, മാനേജിങ് ഡയറക്ടർ എൻ. മായ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മണി വിശ്വനാഥ്, നഗരസഭ വൈസ് ചെയർപേഴ്സൺ സി. ജ്യോതി മോൾ, ആര്യാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കവിത ഹരിദാസ്, സി. അശ്വതി, കുക്കു പരമേശ്വരൻ, സംവിധായിക താര രാമാനുജൻ, ചലച്ചിത്ര സാംസ്കാരിക മേഖലയിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.